# പതിനാലാം കേരള നിയമസഭ
# (പതിനഞ്ചാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1481** **11.06.2019-ൽ മറുപടിയ്ക്ക്**

## മത്സ്യലഭ്യതയിലെ കുറവ്

| ചോദ്യം<br>ശ്രീ.വി.ഡി.സതീശൻ | മറുപടി<br>ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|
| എ) കേരളതീരത്ത് മത്സ്യലഭ്യതയിൽ വൻകുറവ് വന്നതുമൂലം മത്സ്യത്തൊഴിലാളികൾ ബുദ്ധിമുട്ടിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ഫിഷറീസ് വകുപ്പ് മുഖേന നടത്തിയ ക്യാച്ച് അസസ്സ്മെന്റ് സർവ്വേകൾ പ്രകാരം കേരളത്തിലെ മത്സ്യ ഉല്പാദനത്തിൽ വർദ്ധനവ് ഉള്ളതായാണ് കാണുന്നത്. അതനുസരിച്ച് കഴിഞ്ഞ രണ്ട് വർഷക്കാലയളവിലെ ഉല്പാദന വിവരങ്ങൾ ചുവടെ ചേർക്കുന്നു. |

| വർഷം | സമുദ്ര മത്സ്യ ഉല്പാദന (മെ.ടൺ) | ഉൾനാടൻ മത്സ്യ ഉല്പാദനം (മെ.ടൺ) |
|---|---|---|
| 2017-18 | 4,83,686 | 1,89,081 |
| 2018-19 | 6,13,007 | 1,92,027 |

| | |
|---|---|
| ബി) മത്സ്യലഭ്യതയിലെ കുറവുമൂലം ഇതര സംസ്ഥാനങ്ങളിൽ നിന്നുള്ള ഇറക്കുമതി മത്സ്യങ്ങളെ കൂടുതലായി ആശ്രയിക്കേണ്ട സാഹചര്യം ഉണ്ടായിട്ടുണ്ടോ; | ബി) കേരളത്തിലെ ആഭ്യന്തര ഉപഭോഗം ഉല്പാദനത്തിലും അധികമായതിനാലും ഏകദേശം 2 ലക്ഷം മെട്രിക് ടൺ മത്സ്യം വിദേശത്തേക്ക് കയറ്റുമതി ചെയ്യുന്നതിനാലും സംസ്ഥാനത്തെ ആവശ്യം നിറവേറ്റുന്നതിന് അന്യസംസ്ഥാനങ്ങളിൽ നിന്നുമുള്ള മത്സ്യത്തെ ആശ്രയിക്കേണ്ടിവരുന്നുണ്ട്. |
| സി) ഇതര സംസ്ഥാനങ്ങളിൽ നിന്നും എത്തുന്ന മത്സ്യത്തിൽ വ്യാപകമായ രീതിയിൽ രാസവസ്തുക്കൾ ചേർക്കുന്നതായുള്ള പരാതി വസ്തുതാപരമാണോ; | സി) അല്ല. |

| | |
|---|---|
| ഡി) ഇക്കാര്യത്തിൽ എന്തെങ്കിലും പരിശോധന നിലവിൽ നടത്തുന്നുണ്ടോ; പ്രസ്തുത പരിശോധനയിലെ കണ്ടെത്തലുകൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ? | ഡി) രാസപദാർത്ഥങ്ങൾ ചേർത്തുള്ള മത്സ്യ വിൽപ്പന തടയുന്നതിനായി ജില്ലകൾ തോറും ഭക്ഷ്യ സുരക്ഷാ വകുപ്പും ഫിഷറീസ് വകുപ്പും ചേർന്ന് സ്ക്വാഡ് രൂപീകരിച്ചിട്ടുണ്ട് ഇവ സംസ്ഥാന ത്തുടനീളം കാര്യക്ഷമമായി പ്രവർത്തിച്ചു വരുന്നു. സംസ്ഥാനമൊട്ടാകെ മത്സ്യത്തിന്റെ ഹോൾസെയിൽ / റീട്ടെയിൽ മാർക്കറ്റുകൾ കേന്ദ്രീകരിച്ച് പരിശോധന നടത്തുകയും വിപണിയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവർക്ക് രാസപദാർത്ഥങ്ങൾ ചേർത്തുള്ള മത്സ്യവിൽപ്പനയുടെയും ദോഷ ഫലങ്ങളെ കുറിച്ച് ബോധവത്കരണം നടത്തുകയും ചെയ്യുന്നു. ചെക്ക് പോസ്റ്റിൽ പരിശോധന നടത്തുന്നത് വഴി മത്സ്യങ്ങൾ മാർക്കറ്റിൽ എത്തുന്നതിന് മുൻപ് തന്നെ തടയാൻ കഴിയുന്നുണ്ട്. ഫോർമാലിൻ, അമോണിയ എന്നിവയുടെ സാന്നിധ്യം മനസ്സിലാക്കുന്നതിന് CIFT വികസിപ്പിച്ചെടുത്ത സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തിയ പേപ്പർ സ്ട്രിപ്പ് വിപണിയിൽ ലഭ്യമാണ്. ഇതുപയോഗിച്ച് പൊതുജനങ്ങൾക്കും പരിശോധന നടത്താവുന്നതാണ്.<br><br>കേരളത്തിലെ വിവിധ മാർക്കറ്റുകൾ, ഹാർബറുകൾ തുടങ്ങിയവ കേന്ദ്രീകരിച്ച് നടത്തിയ പരിശോധനയിൽ ആരോഗ്യത്തിന് ഹാനീകരമായ വസ്തുക്കൾ ചേർത്ത് മത്സ്യം വിൽപ്പന നടത്തുന്നതായി കണ്ടെത്തിയവയിലും പഴകിയ മത്സ്യം വിൽപ്പന നടത്തിയവർക്കുമെതിരെ ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ്സ് ആക്ട് 2006 പ്രകാരം ശിക്ഷണ നടപടികളും സ്വീകരിച്ചിട്ടുണ്ട്. |

**സെക്ഷൻ ആഫീസർ**